**A** സമഗ്ര ശിക്ഷ, കേരളം **6001**

# അർദ്ധവാർഷിക മൂല്യനിർണയം 2018–19

## ആരോഗ്യ കായികവിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം

ക്ലാസ് - 6 സമയം : 2 മണിക്കൂർ

### പൊതുനിർദേശങ്ങൾ

- ആരോഗ്യ കായികവിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തി പഠനം എന്നീ വിഷയങ്ങളെ മൂന്നു വിഭാഗങ്ങളായിട്ടാണ് ചോദ്യപേപ്പറിൽ ക്രമീകരിച്ചിട്ടുള്ളത്.
- ഓരോ വിഭാഗത്തിനും 15 സ്കോർ വീതം.
- ആദ്യത്തെ 15 മിനിട്ട് സമാശ്വാസസമയമാണ്.
- മൂന്ന് വിഭാഗത്തിന്റേയും ഉത്തരങ്ങൾ പ്രത്യേകം പേപ്പറിൽ എഴുതി നൽകേണ്ടതാണ്. അവയിലെല്ലാം പേര്, വിഷയം, ക്ലാസ്, ഡിവിഷൻ, റോൾ നമ്പർ എന്നീ വിവരങ്ങൾ രേഖപ്പെടുത്തണം

## ആരോഗ്യ കായികവിദ്യാഭ്യാസം

സമയം : 40 മിനിട്ട്

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങൾക്ക് ബ്രാക്കറ്റിൽ നിന്നും ശരിയുത്തരമെഴുതുക.**

1. കുറഞ്ഞ സമയത്തിനുള്ളിൽ കൂടുതൽ ദൂരം സഞ്ചരിക്കാനുള്ള കഴിവാണ്?

   (ഹൃദയശ്വസനക്ഷമത, ശക്തി, വേഗം, ചുറുചുറുക്ക്)

2. ശാസ്ത്രീയമായി ഉയരം രേഖപ്പെടുത്തുന്നതിനുള്ള ഉപകരണം.

   (സ്റ്റെതസ്കോപ്പ്, ബാരോമീറ്റർ, ഗോണിയോമീറ്റർ, സ്റ്റേഡിയോമീറ്റർ)

3. ചുവടെ കൊടുത്തിരിക്കുന്നവയിൽ ഹെൽമറ്റ് സുരക്ഷ ഉപകരണമായി ഉപയോഗിക്കുന്ന കളി ഏത്?

   (വോളീബാൾ, ക്രിക്കറ്റ്, ഫുട്ബോൾ, ബാഡ്മിന്റൺ)

4. മൂക്കിൽ നിന്നും രക്തം വരുന്ന കുട്ടിയെ ..................

   (കമഴ്ത്തികിടത്തുക, മലർത്തികിടത്തുക,
   മുന്നിലേക്കു കുനിച്ചു ഇരുത്തുക, നിവർത്തി നിർത്തുക)

**5 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.**

5. ആരോഗ്യസംബന്ധിയായ കായികക്ഷമതാഘടകങ്ങൾ എഴുതുക.
6. വജ്രാസനം സ്ഥിരമായി പരിശീലിക്കുന്നതിലൂടെ ലഭിക്കുന്ന ഗുണങ്ങൾ എന്തെല്ലാം?

7. ചിത്രങ്ങൾ നിരീക്ഷിച്ച് കളിയിലെ താരങ്ങൾ ഉപയോഗിച്ചിരിക്കുന്ന സുരക്ഷാഉപകരണങ്ങളുടെ പേര് എഴുതുക.



ചിത്രം - 1



ചിത്രം - 2

8. തലചുറ്റൽ വരാതിരിക്കാൻ സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്തെല്ലാം?
9. കായികപ്രവർത്തനങ്ങളിൽ സ്ഥിരമായി ഏർപ്പെടുന്നതിലൂടെ ലഭിക്കുന്ന ഗുണങ്ങൾ എന്തെല്ലാം?

**10, 11 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക.**

10. കിഡ്സ് അത്‌ലറ്റിക്സിൽ പങ്കെടുക്കുന്നതിലൂടെ ലഭിക്കുന്ന നേട്ടങ്ങൾ വിവരിക്കുക?
11. സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിച്ച് കളികളിൽ ഏർപ്പെടുന്നതുകൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാം?

# കലാവിദ്യാഭ്യാസം

**സമയം : 40 മിനിട്ട്**

**1 മുതൽ 4 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതേണ്ടതാണ്.**

1. മനുഷ്യശരീരം വരയ്ക്കുമ്പോൾ ശരീരം തലയുടെ എത്ര മടങ്ങ് വലുതാക്കി വരയ്ക്കണം?

   എ) $5\frac{1}{2}$ ബി) $7\frac{1}{2}$ സി) $6\frac{1}{2}$ ഡി) $8\frac{1}{2}$

2. 'വായ്ത്താരി' ഏത് ഗാനശാഖയുമായി ബന്ധപ്പെട്ടതാണ്?

   എ) നാടൻ പാട്ട് ബി) ലളിതഗാനം
   സി) ശാസ്ത്രീയസംഗീതം ഡി) നാടകഗാനം

3. 'മൃഗശീർഷം' എന്ന മുദ്ര സൂചിപ്പിക്കുന്നതെന്ത്?

   എ) കാളയുടെ തല ബി) സിംഹത്തിന്റെ തല
   സി) ആനയുടെ തല ഡി) മാനിന്റെ തല

4. പാവനാടകങ്ങളിൽ അഭിനേതാക്കളായി എത്തുന്നത് ആരാണ്?

   എ) ചിത്രങ്ങൾ ബി) കുട്ടികൾ
   സി) പാവകൾ ഡി) പറവകൾ

5 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 ചോദ്യത്തിന് മാത്രം ഉത്തരമെഴുതുക.

5. ആനയും ജിറാഫും തമ്മിൽ രൂപഘടനയിലുള്ള മൂന്ന് പ്രധാന വ്യത്യാസങ്ങൾ എഴുതുക.

6. പാടുമ്പോൾ ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട മൂന്ന് ഘടകങ്ങൾ ബ്രാക്കറ്റിൽ നിന്നും തെരഞ്ഞെടുത്തെഴുതുക.

(അക്ഷരസ്ഫുടതയില്ലായ്മ, ശ്രുതിച്ചേർച്ച, ഭാവം, ഈണമില്ലായ്മ, താളത്തിൽ പാടുക)

7. കടകാമുഖം, പതാകോശം, അരാളം എന്നീ മുദ്രകളുടെ അർത്ഥം താഴെ കൊടുത്തവയിൽ നിന്നും എടുത്തെഴുതുക.

(വിത്തിന്റെ മുള, വള, താമരയുടെ ഉൾവശം, ചുരുട്ടിയ കൈ, മയിൽ)

8. ശരിയോ തെറ്റോ എന്നെഴുതുക.

എ) നാടകം ഒരു സംഘകലയല്ല

ബി) ആർട്ടിസ്റ്റ് സുജാതൻ രംഗപടം തയ്യാറാക്കുന്നതിൽ പ്രശസ്തനാണ്.

സി) ഒരു കഥാപാത്രം മാത്രമുള്ള നാടകങ്ങളും അവതരിപ്പിക്കാറുണ്ട്.

9 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഒരു ചോദ്യത്തിന് മാത്രം ഉത്തരമെഴുതുക.

9. ചേരുംപടി ചേർക്കുക

| എ | | ബി |
|---|---|---|
| • പിക്കാസോ | – | ശകുന്തള |
| • രവി വർമ്മ | – | ക്യൂബിസം |
| • ടി.കെ പദ്മിനി | – | വെള്ളം |
| • വാട്ടർ കളർ | – | അലങ്കാരപാറ്റേൺ |
| • ഡെക്കറേഷൻ | – | പട്ടം പറത്തുന്ന കുട്ടി |

10. ചേരുംപടി ചേർക്കുക

| എ | | ബി |
|---|---|---|
| • ശ്രുതിപ്പെട്ടി | – | താളവാദ്യം |
| • ലളിതമായ ഈണം | – | നാടൻ സംഗീത ഉപകരണം |
| • തെയ്യോം തക താരോ തിത്തോ | – | നാടൻപാട്ട് |
| • ചെണ്ട | – | ശ്രുതിവാദ്യം |
| • തപ്പ് | – | വായ്ത്താരി |

11. താഴെ കൊടുത്തിരിക്കുന്നവയിൽ നിന്ന് അഞ്ച് ശാസ്ത്രീയ നൃത്ത രൂപങ്ങൾ എടുത്തെഴുതുക.

തിരുവാതിരക്കളി, ഭരതനാട്യം, ഒപ്പന, മോഹിനിയാട്ടം, കുച്ചിപ്പുടി, കഥക്, നാടോടിനൃത്തം, കേരളനടനം, ഒഡീസി

12. ആമയും മുയലും തമ്മിലുള്ള ഓട്ടമത്സരം 3 മിനിറ്റിൽ തീരുന്ന സ്കിറ്റായി അവതരിപ്പിക്കാനുള്ള സ്ക്രിപ്റ്റ് തയാറാക്കുക.

# പ്രവൃത്തി പഠനം

സമയം : 40 മിനിട്ട്

**1 മുതൽ 3 വരെ ചോദ്യങ്ങൾക്ക് ബ്രാക്കറ്റിൽ നിന്നും ശരി ഉത്തരം തിരഞ്ഞെടുത്ത് എഴുതുക.**

1. പഴങ്ങൾ കൃത്രിമമായി പഴുപ്പിക്കാൻ ഉപയോഗിക്കുന്ന ഹാനികരമായ രാസവസ്തു ഏത്?
   (സിട്രിക്കാസിഡ്, നൈട്രിക്കാസിഡ്, കാർബൈഡ്, ഫോസ്ഫോറിക്കാസിഡ്)
2. സ്ക്വാഷ് നിർമ്മിക്കുമ്പോൾ ചേർക്കുന്ന പ്രിസർവേറ്റീവ് എന്ത്?
   (നാരങ്ങാനീര്, ശർക്കര ലായനി, വിനാഗിരി, ഉപ്പ്)
3. മാർബിൾ പെയിന്റിംഗിന് ഉപയോഗിക്കുന്ന പെയിന്റ് ഏത്?
   (വാർണിഷ്, ഫാബ്രിക് പെയിന്റ്, ഇനാമൽ പെയിന്റ് , എമൽഷൻ)

**4 മുതൽ 8 വരെ ചോദ്യങ്ങൾക്ക് ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക.**

4. ശുദ്ധമായ കുടിവെള്ളസ്രോതസ്സുകളിൽ രണ്ടെണ്ണത്തിന്റെ പേരെഴുതുക.
5. പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങളിലൊന്നാണ് പേപ്പർ ക്യാരിബാഗ്. സമാനമായ പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങളുടെ പേരെഴുതുക.
6. ഓഫീസ് ആവശ്യത്തിനുപയോഗിക്കുന്ന സ്റ്റേഷനറികളിൽ ഏതെങ്കിലും നാലെണ്ണത്തിന്റെ പേരെഴുതുക.
7. ലെയറിംഗ് പല തരത്തിലുണ്ട്. അതിൽ രണ്ടെണ്ണത്തിന്റെ പേരെഴുതുക.
8. താഴെ കൊടുത്തിരിക്കുന്ന ചിത്രങ്ങൾ തിരിച്ചറിഞ്ഞ് അവയുടെ പേരുകൾ ബ്രാക്കറ്റിൽ നിന്ന് തിരഞ്ഞെടുത്ത് ശരിയായ ക്രമത്തിൽ എഴുതുക.

A



B



C



D



(ശതാവരി, വേപ്പ്, തുളസി, കറ്റാർവാഴ, പനിക്കൂർക്ക)

**9, 10 ചോദ്യങ്ങൾക്ക് ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക.**

9. ജ്യാമിതീയരൂപങ്ങൾ ഉപയോഗിച്ച് വീടിന്റെ മാതൃക വരയ്ക്കുക.
10. 'ജീവനില്ലാത്ത മണ്ണിൽ സസ്യങ്ങൾക്ക് വളരാൻ സാധ്യമല്ല'. കാരണങ്ങൾ വ്യക്തമാക്കുക.